"ഭരണഭാഷ - മാതൃഭാഷ"

DGE/5759/2026-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 26-03-2026

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ വാർഷിക പരീക്ഷകൾ തീരുന്ന ദിവസം/ മധ്യവേനലവധിയ്ക്ക് സ്കൂൾ അടക്കുന്നത് – മുൻകരുതൽ - - സംബന്ധിച്ച്

സൂചന :-

2025-26 അധ്യയന വർഷം വാർഷിക പരീക്ഷകൾക്ക്ശേഷം 31/03/2026 നാണ് മധ്യവേനലവധിയ്ക്ക് സ്കൂൾ അടയ്ക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. ഒന്ന് മുതൽ ഒൻപത് വരെയുള്ള ക്ലാസ്സുകളുടെ പരീക്ഷ മാർച്ച് 31 നും, എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 30 നും, ഹയർ സെക്കണ്ടറി/ വി.എച്ച്.എസ്.ഇ വിഭാഗം പരീക്ഷ മാർച്ച് 28 നും അവസാനിക്കുന്നതാണ്. വാർഷിക പരീക്ഷകൾ തീരുന്ന ദിവസം സ്കൂളുകളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതായും പലപ്പോഴും ഇത്തരം ആഘോഷങ്ങൾ അതിരുകടന്ന അക്രമസംഭവങ്ങൾ ഉണ്ടാകുന്നതായും മുൻ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇക്കൊല്ലം ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേക്ക് ചുവടെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾ വാർഷിക പരീക്ഷകൾ തീരുന്ന ദിവസം/ മധ്യവേനലവധിയ്ക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം സ്കൂളുകളിൽ ആഘോഷങ്ങൾ ഒന്നും നടത്തുവാൻ പാടുള്ളതല്ല.
2. സ്കൂൾ വാർഷിക പരീക്ഷകൾ കഴിഞ്ഞു ഇറങ്ങുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ വിധത്തിലുള്ള ഏതെങ്കിലും പ്രവൃത്തികളിൽ ഏർപ്പെടുന്നില്ല എന്നത് അധ്യാപകർ ഉറപ്പാക്കേണ്ടതാണ്.
3. സ്കൂൾ വാർഷിക പരീക്ഷകൾ തീരുന്ന ദിവസം/ മധ്യവേനലവധിയ്ക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം കുട്ടികളെ സ്കൂളിൽ നിന്നും കൂട്ടിക്കൊണ്ടു പോകുന്നതിന് രക്ഷകർത്താക്കളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.
4. സ്കൂൾ വാർഷിക പരീക്ഷകൾ തീരുന്ന ദിവസം/ മധ്യവേനലവധിയ്ക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം സ്കൂൾ ക്യാമ്പസിനു പുറത്ത് പോലീസിന്റെ സഹായം തേടാവുന്നതാണ്.

എല്ലാ അധ്യയന വർഷവും സ്കൂൾ വാർഷിക പരീക്ഷകൾ തീരുന്ന ദിവസം/ മധ്യവേനലവധിയ്ക്ക് സ്കൂൾ അടക്കുന്നത് സംബന്ധിച്ച മേൽപ്പറഞ്ഞ നിർദേശങ്ങൾ ബാധകമായിരിക്കും, ടി നിർദേശങ്ങൾ എല്ലാ സ്കൂളുകളും പാലിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

Digitally signed by Asif K Yusuf
Date: 26-03-2026 17:24:20

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2. എല്ലാആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാഎ.ഡി മാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
4. എല്ലാഡയറ്റ് പ്രിൻസിപ്പൽമാർക്കും
5. എല്ലാജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാപ്രിൻസിപ്പാൾ/പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)